പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിങ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ: 0471-2323198

**നം.എസിഡി എസ്.പി.സി(1)/179644/2020/എച്ച്.എസ്.ഇ.** **തീയതി.** 17/12/2020

# അറിയിപ്പ്

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് 2020-21 - ഡാറ്റാ എൻട്രി - സംബന്ധിച്ച്.

സൂചന- 02/12/2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ബി.പി.എൽ. സ്കോളർഷിപ്പിന്റെ തെരഞ്ഞെടുപ്പ്, വിതരണം എന്നിവ സുഗമമാക്കുന്നതിനായി www.scholarship.dhse.kerala.gov.in പോർട്ടൽ കഴിഞ്ഞ വർഷം മുതൽ സജ്ജമാക്കിയിട്ടുണ്ട്.
- ഡാറ്റാ എൻട്രി ചെയ്യേണ്ടവിധം സംബന്ധിച്ച് വിശദമായ യൂസർ മാന്വൽ പോർട്ടലിൽ നൽകിയിട്ടുണ്ട്.
- **+1 ക്ലാസുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളിൽ നിന്നു മാത്രമേ അപേക്ഷ സ്വീകരിക്കാവൂ. ലഭിക്കുന്ന മുഴുവൻ അപേക്ഷകളും ഡാറ്റാ എൻട്രി ചെയ്യേണ്ടതാണ്.**
- റിന്യൂവൽ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
  - ബി.പി.എൽ. സ്കോളർഷിപ്പിന് കഴിഞ്ഞ വർഷം (2019-20) ൽ പ്ലസ്‌വൺ വിദ്യാർത്ഥികളായിരിക്കെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമാണ് റിന്യൂവലിന് അർഹതയുള്ളത്. +2 വിദ്യാർത്ഥികളിൽ നിന്നും പുതിയ അപേക്ഷ ശേഖരിക്കാൻ പാടുള്ളതല്ല. പ്ലസ്‌വണ്ണിൽ സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും പ്ലസ് വൺ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ വാങ്ങി ശേഖരിച്ച് സൂക്ഷിച്ചാൽ മതി.
  - SC/ST, Arts/Sports/IED എന്നീ വിഭാഗങ്ങളിൽ പ്ലസ്‌വൺ വിദ്യാർത്ഥികളായിരിക്കെ, സ്കോളർഷിപ്പ് നേടിയവർക്ക് റിന്യൂവലിനുള്ള ലിങ്ക് പിന്നീട് ലഭ്യമാക്കുന്നതായിരിക്കും. **ജനറൽ വിഭാഗത്തിൽ** റിന്യൂവലിന് അർഹതയുള്ളവരുടെ വിശദാംശങ്ങൾ മാത്രം നൽകിയാൽ മതി.
  - കഴിഞ്ഞ വർഷം (2019-20) ജനറൽ വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്‌വൺ പൊതുപരീക്ഷയിൽ -

- D+ കുറയാത്ത ഗ്രേഡും, 70% കുറയാത്ത ഹാജരുമുണ്ടെങ്കിൽ പ്ലസ്ടു ക്ലാസിലും സ്കോളർഷിപ്പിന് അർഹതയുണ്ട്. സ്കൂൾതല സെലക്ഷൻ കമ്മിറ്റി (02/12/2020 ലെ സർക്കുലർ ശ്രദ്ധിക്കുക) ആയത് ഉറപ്പുവരുത്തി രേഖകൾ സഹിതം മിനിട്ടു ചെയ്ത് സൂക്ഷിക്കേണ്ട താണ്. ഇപ്രകാരം പരിഗണിക്കുമ്പോൾ മാർച്ച് മാസത്തിലെ പരീക്ഷ യിൽ മേൽ വ്യവസ്ഥ പാലിക്കുന്നില്ലെങ്കിൽ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷയിൽ ആയത് നേടിയിട്ടുണ്ടെങ്കിൽ പരിഗണിക്കേണ്ടതാണ്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ ഇംപ്രൂവ്മെന്റ് പരീക്ഷ വൈകിയ സാഹചര്യത്തിൽ 2020 മാർച്ചിലെ +1 പരീക്ഷയിൽതന്നെ അർഹത നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാനും, അർഹത നേടിയിട്ടില്ലാത്തവർക്ക് ഇംപ്രൂവ്മെന്റ് റിസൾട്ട് കൂടി പരിഗണിച്ചശേഷം സ്കോളർഷിപ്പ് അർഹത പരിശോധിക്കുന്നതിനുമാണ് തീരുമാനമായിട്ടുള്ളത്. ആയതിനാൽ 2020മാർച്ചിലെ പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ അർഹത നേടിയവരെ **eligible**-ആയും അല്ലാത്തവരെ **ineligible**-ആയും രേഖപ്പെടുത്തേണ്ടതാണ്.

സ്കോളർഷിപ്പിന് അർഹതയുണ്ടെന്ന് കരുതുന്ന എല്ലാ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ശേഖരിക്കുന്നതിൽ അതാത് ക്ലാസ് ടീച്ചർമാർ മുൻകൈയെടുക്ക ണമെന്ന് പ്രിൻസിപ്പാൾമാർ നിർദ്ദേശം നൽകേണ്ടതാണ്. അപേക്ഷകൾ പ്രോസസ് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും പുതിയ കുട്ടികളുടെ അപേക്ഷ കൾ സ്വീകരിക്കുകയോ നൽകിയ അപേക്ഷകളിൽ തിരുത്തലുകൾ വരുത്തുന്ന തിനോ സാധിക്കുന്നതല്ല. ഇക്കാരണത്താൽ അപേക്ഷകൾ യഥാസമയം അപ്‌ലോഡ് ചെയ്തില്ലെങ്കിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാത്ത സാഹചര്യമുണ്ടാകുമെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

**മുഴുവൻ അപേക്ഷകളുടെയും, റിന്യൂവലിന്റെയും ഡാറ്റാ എൻട്രി 22/12/2020 ന് വൈകിട്ട് 5 മണിയ്ക്കകം പൂർത്തിയാക്കിയിരിക്കണം.**

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാദമിക്)**